LIBRARY ARCHIVES Kerala Legislative Assembly

കടവല്ലൂർ ഗവ. ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

352 (1437) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.എൽ.എ. ആസ്തി വികസന പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി 51 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതും, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നിർമ്മാണ ചുമതല നൽകിയതുമായ കടവല്ലൂർ ഗവ. ഹയർസെക്കണ്ടറി സ്കൂൾ ക്ലാസ്സ് മുറി നിർമ്മാണം പ്രവർത്തിയുടെ ഇപ്പോഴത്തെയവസ്ഥ എന്താണ്;

(ബി) ഭരണാനുമതി നൽകി 2 വർഷം കഴിഞ്ഞിട്ടും പ്രവർത്തി പൂർത്തീകരിയ്ക്കുവാൻ കഴിയാതെ വന്നത് എപ്രകാരമാണ്;

(സി) പ്രസ്തുത പ്രവൃത്തി കഴിവതും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2012-13 എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കടവല്ലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ക്ലാസ് മുറി നിർമ്മാണ പ്രവർത്തനങ്ങൾ മെയിൻ സ്ലാബിന്റെ പൂർത്തീകരണം വരെ എത്തിയിട്ടുണ്ട്.

(ബി) പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ ലഭിക്കുന്നതിന് നേരിട്ട കാലതാമസംമൂലം കരാറുകാരനുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണ് ഭരണാനുമതി നൽകി 2 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ വന്നത്.

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി കരാറുകാരന് നീട്ടി നൽകുകയും, വേഗത്തിൽ പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്.

കോതായിതോട് പാലം നിർമ്മാണം

353 (1438) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യംമ്പുഴ-മഞ്ഞപ്ര റോഡിലെ കോതായിതോട് പാലത്തിന്റെ നിർമ്മാണത്തിന് 375 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;